
# ബൂത്ത് ലെവൽ ഓഫീസർ

# ഇ-പത്രിക




Volume 2, Nov 2022



*സന്ദേശം*

## രാജീവ് കുമാർ

**മുഖ്യതിരഞ്ഞെടുപ്പ് കമ്മീഷണർ**

> कमीशन के रूप में आप साकार हैं,
> कमीशन का आप व्यवहार है।
> आप कमीशन के दृष्टि और स्वर भी हैं,
> इसलिए आप सबको अत्यंत आभार है।

ഒരു സർക്കാർ ഉദ്യോഗസ്ഥന്റെ പെരുമാറ്റം എങ്ങനെയെന്ന് പൊതുജനങ്ങൾക്ക് ബി എൽ ഒ യുടെ സമീപനത്തിലൂടെ മനസ്സിലാവും. ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷന്റെ യഥാർത്ഥ പ്രതിനിധി ബി എൽ ഒ മാരാണ്. പൊതുജനങ്ങളുമായി വിശ്വാസ്യത വളർത്തുന്ന രീതിയിലുള്ള ബന്ധം ബിഎൽഒ മാർ കാത്തു സൂക്ഷിക്കേണ്ടതാണ്.

(Rajiv Kumar)



*സന്ദേശം*

## അനൂപ് ചന്ദ്ര പാണ്ഡെ

**ഇലക്ഷൻ കമ്മീഷണർ ഓഫ് ഇന്ത്യ**

ബിഎൽഒ പത്രികയിലൂടെ ലക്ഷ്യം വയ്ക്കുന്നത്, ഓരോ ബൂത്ത് ലെവൽ ഓഫീസർമാരെയും ഊർജ്ജസ്വലരാക്കുകയും, അതോടൊപ്പം നവീന ആശയങ്ങൾ കൊണ്ടുവരികയുമാണ്. ബിഎൽഒ ട്രയാങ്കിൾ എന്നറിയപ്പെടുന്ന ത്രിമാതൃക, എറ്റവും താഴെത്തട്ടിലുള്ള ജീവനക്കാരുടെ കാര്യക്ഷമത തിരിച്ചറിയാൻ സഹായകമാകുന്ന്ണ്ട്. ആദ്യമായി, ബിഎൽഒ എവിടെയാണ് താമസിക്കുന്നത്? രണ്ടാമത് ബിഎൽഒ ജോലി ചെയ്യുന്നത് എവിടെ? മൂന്നാമതായി തിരഞ്ഞെടുപ്പ് പ്രവർത്തികൾക്കായി ബി എൽ ഒ മാർക്ക് നൽകിയിരിക്കുന്ന പ്രദേശമേത്?

കൂടുതൽ കാര്യക്ഷമതക്കായി ഈ മൂന്ന് മാതൃകകളും പ്രാവർത്തികമാക്കുക

(Anup Chandra Pandey)


## Editorial Committee

N.N. Butolia
*Senior Principal Secretary (Electoral roll)*

Ashok Kumar
*Director (IT)*

Kuldeep Kumar Saharawat
*Director (Training ), IIIDEM*

S. Sundar Rajan
*Director (EVM)*

Deepali Masirkar
*Director (Election Planning)*

Santosh Ajmera
*Director (SVEEP) Member Convenor*

## Editorial Team


R K Singh
*Coordinator SVEEP*


Anuj Chandak
*Joint Director (SVEEP)*

Noopur Praveen
*Communication Consultant*

Esha Khan
*Graphic Designer*

# BLO E-പത്രിക പ്രകാശ ചടങ്ങിലെ ചില അവിസ്മരണീയ നിമിഷങ്ങൾ








1. വിവിധ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലേയും ചീഫ് ഇലക്ടറൽ ഓഫീസർമാരുടെ  ഓഫീസ് വഴി 350 ൽ അധികം ബി എൽ ഒ മാരും അതോടൊപ്പം രാജസ്ഥാൻ, ഉത്തർപ്രദേശ് എന്നിവിടങ്ങളിൽ നിന്ന് 150 ഓളം ബി എൽ ഒ മാർ നേരിട്ടും 2022 സെപ്റ്റംബർ 14 ന്  ഡൽഹിയിലെ ഹാബിറ്റാറ്റ് സെന്ററിൽ നടന്ന ചടങ്ങിൽ പങ്കെടുത്തു.

2. ECIയുടെ യൂ ട്യൂബ് ചാനലിൽ ചടങ്ങ് സംപ്രേക്ഷണം ചെയ്യുകയും, അതോടൊപ്പം 10 ലക്ഷത്തിലധികം ബി എൽ ഒ മാർ ചടങ്ങ് തത്സമയം വീക്ഷിക്കുകയും ചെയ്തു.

3. ഈ ചടങ്ങിലൂടെ മാത്രം  ECI യൂ ട്യൂബ് ചാനലിന് 25000 ത്തോളം പുതിയ സബ്സ്ക്രൈബേഴ്സിനേയും, 2.4 ലക്ഷത്തോളം കാഴ്ചക്കാരെ ലഭിക്കുകയും ചെയ്തു.

4. രാജ്യത്തെ ബി എൽ ഒ മാരുമായി തിരഞ്ഞെടുപ്പ് കമ്മീഷൻ ഇത്തരത്തിൽ നേരിട്ട് സംവദിക്കുന്നത്  ഇത് ആദ്യമാണ്.









*Click to see the video.

# ദേശീയ സമ്മതിദായക ദിന പ്രവർത്തനങ്ങൾ

1950 ൽ രൂപീകൃതമായ തിരഞ്ഞെടുപ്പ് കമ്മീഷന്റെ സ്ഥാപകദിനമായി 2011 മുതൽ എല്ലാ വർഷവും ജനുവരി 25 ന് ദേശീയ സമ്മതിദായക ദിനമായി ആചരിച്ചു വരുന്നു. ദേശീയ സമ്മതിദായക ദിനത്തിന്റെ പ്രധാന ലക്ഷ്യം, പുതിയ വോട്ടർമാരെ പരാമാവധി പേര് ചേർക്കുന്നതിനും, അവർക്കിടയിൽ തിരെഞ്ഞെടുപ്പ് അവബോധം വളർത്തുന്നതിനുമാണ്.

## ബി എൽ ഒ മാർക്കുള്ള NVD ചെക്ക് ലിസ്റ്റ്

1. പോളിംഗ് സ്റ്റേഷനുകളിൽ പരിപാടികൾ ആസൂത്രണം ചെയ്യുക.
2. ക്വിസ് മത്സരം, ഉപന്യാസം, സംവാദം, ചിത്ര രചന തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കുക
3. EPIC കാർഡുകൾ വിതരണം ചെയ്യുക, കൂടാതെ e- EPIC കാർഡുകൾ ഡൗൺലോഡ് ചെയ്യാൻ സഹായിക്കുക
4. ദേശീയ സമ്മതിദായക ദിന പ്രതിജ്ഞ ചൊല്ലുക.
5. പുതിയ വോട്ടർമാരെ കണ്ടെത്തുകയും അവരുടെ പേര് വോട്ടർ പട്ടികയിൽ ഉൾപ്പെടുത്താൻ സഹായിക്കുകയും ചെയ്യുക.

## ബി എൽ ഒ മാർക്കുള്ള ചില ഓർമ്മപ്പെടുത്തലുകൾ

1. നിലവിലെ വോട്ടർപട്ടികയിൽ തിരുത്തലുകൾ വരുത്തുന്നതിനും, EPICകാർഡ് മാറ്റി ലഭിക്കുന്നതിനും, ഭിന്നശേഷിക്കാരെ അടയാളപ്പെടുത്തുന്നതിനും ഫോം 8 വിതരണം ചെയ്യുക
2. നിയോജക മണ്ഡലത്തിലേക്ക് താമസം മാറി വന്ന വോട്ടർമാർക്ക് പട്ടികയിൽ പേര് ചേർക്കുന്നതിനായി ഫോം 8 വിതരണം ചെയ്യുക
3. മരണപ്പെട്ടതോ/ താമസം മാറിയതോ/ ഇരട്ടിച്ചതോ ആയ വോട്ടർമാരെ വോട്ടർ പട്ടികയിൽ നിന്നും നീക്കം ചെയ്യുക
4. സ്ഥലം നേരിട്ട് സന്ദർശിച്ച് ERO/AEROമാർക്ക് റിപ്പോർട്ട് സമർപ്പിക്കുക
5. വോട്ടെടുപ്പ് ദിവസം വോട്ടർ സ്ളിപ്പ് വിതരണം ചെയ്ത് സഹായിക്കുക
6. ഗരുഡ ആപ്പിന്റെ ഉപയോഗം പരമാവധി വർദ്ധിപ്പിക്കുക.


ബി എൽ ഒ മാരും വോട്ടർമാരും തമ്മിലുള്ള ബന്ധം ഫലപ്രദമാവുന്നതിന് നിരന്തരമായ സംവാദം ആവശ്യമാണ്.

### ബി എൽ ഒ യെ കുറിച്ചുള്ള ചില വസ്തുതകൾ

- ഗുജറാത്തിൽ വോട്ടർ പട്ടികയിൽ പേരുള്ള ഭിന്നശേഷിക്കാരുടെ എണ്ണം 1.68 ലക്ഷത്തിൽ നിന്ന് (2019 ലെ ലോകസഭ തിരഞ്ഞെടുപ്പ് കണക്ക്) 4.04 ലക്ഷമായി വർദ്ധിച്ചു.
- ബീഹാറിൽ നടത്തിയ KAP സർവേ പ്രകാരം ബി എൽ ഒ മാരുടെ ഭവന സന്ദർശനമായിരുന്നു (57.18%) വോട്ടർപട്ടികയിൽ പേര് ചേർക്കാൻ വോട്ടർമാർക്ക് കിട്ടിയ പ്രചോദനം.
- അരുണാചൽ പ്രദേശിൽ എല്ലാ ബി എൽ ഒ മാർക്കും ആംഗ്യഭാഷയിൽ പരിശീലനം കിട്ടിയതിനാൽ എല്ലാ വിഭാഗത്തിലെ ആളുകളെയും തിരഞ്ഞെടുപ്പ് പ്രക്രയയിൽ ഉൾക്കൊള്ളിക്കാൻ സാധിച്ചു.



# PwD ആപ്പ് 2.0 അവതരിപ്പിച്ചു: ഭിന്നശേഷി വോട്ടർമാരെ ശാക്തീകരിക്കുന്നതിന് ഒരു എളുപ്പവഴി




പുതിയ ഉള്ളടക്കവും, നൂതന സവിശേഷതവുമായി ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷൻ 2022 നവംബർ 4ന് പുതിയ ആപ്പ് പ്രകാശനം ചെയ്തു. PwD ആപ്പിന്റെ പ്രാഥമിക ലക്ഷ്യം, ഭിന്നശേഷിക്കാരായ വോട്ടർമാർക്ക്എളുപ്പത്തിൽ കൈകാര്യം ചെയ്യാൻ കഴിയും എന്നതാണ്

- കാഴ്ച വൈകല്യമുള്ളവർക്കും, ശ്രവണ വൈകല്യമുള്ളവർക്കും മറ്റു വൈകല്യമുള്ളവരെയും ഉദ്ദേശിച്ചാണ് ഈ ആപ്പ് പ്രത്യേകമായി ഡിസൈൻ ചെയ്തിരിക്കുന്നതാണ്
- ഈ ആപ്പ് ഉപയോഗിച്ച്, ഭിന്നശേഷിക്കാരായ വോട്ടർമാർക്ക് വോട്ടർ പട്ടികയിലെ അവരുടെ പേരും മറ്റ് വിശദാംശങ്ങളും പരിശോധിക്കാവുന്നതാണ്.
- ഈ ആപ്പ് വഴി ഭിന്നശേഷിക്കാരായ വോട്ടർമാർക്ക്, സ്വയം PwD വോട്ടറെന്ന് രേഖപ്പെടുത്താനും, ഇത് വഴി സഹായങ്ങൾ ലഭ്യമാകുന്നതിനും സഹായകരമാണ്
- ഈ ആപ്ളിക്കേഷൻ ആൻഡ്രോയിഡ്, IOs, എന്നീ പ്ലാറ്റ്ഫോമുകളിൽ ലഭ്യമാണ്.

## പുതിയ പതിപ്പിൽ താഴെപറയുന്ന അധിക സവിശേഷതകൾ ഉൾപ്പെടുത്തിയിരിക്കുന്നു

- നിങ്ങളുടെ സ്ഥാനാർത്ഥിയെ അറിയുക
- ബൂത്ത് കണ്ടെത്തൽ
- പരാതി പരിഹാരം/ വിവരശേഖരണം
- പോളിംഗ് ബൂത്തിലെ സംവിധാനങ്ങൾ
- ബൂത്തിലെ സഹായ അഭ്യർത്ഥന
- യാത്ര, സൗകര്യം ഒരുക്കുക
- •FAQ s
- നിങ്ങളുടെ സ്ഥാനാർത്ഥിയെ അറിയുക

**ഭിന്നശേഷിക്കാരായ വോട്ടർമാർക്കിടയിൽ ഈ ആപ്പിന്റെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ബി എൽ ഒ മാർ കൈക്കൊള്ളണം**

# പ്രത്യേക സംക്ഷിപ്ത വോട്ടർ പട്ടിക പുതുക്കൽ 2023

## സ്വയം തെളിയിക്കാനുള്ള അവസരമാണ്, മിസ്റ്റർ ബി എൽ ഒ!

നടപ്പു വർഷത്തെ പ്രത്യേക സംക്ഷിപ്ത പുതുക്കൽ നവംബർ 9 ന്ആരംഭിച്ച് 2022 ഡിസംബർ 8 വരെ തുടരും.

മരണപ്പെട്ട വോട്ടർമാരെയും, താമസ സ്ഥലം മാറിയ വോട്ടർമാരെയും ഒഴിവാക്കുകയും, പുതിയ വോട്ടർമാരെ ഉൾപ്പെടുത്തിയും വോട്ടർ പട്ടികയെ ശുദ്ധീകരിക്കുകയാണ് ഈ പ്രക്രിയയിലൂടെ ചെയ്യുന്നത്. വോട്ടർ പട്ടികയുമായി ബന്ധപ്പെട്ട അവകാശങ്ങളും ആക്ഷേപങ്ങളുംം ഓൺലൈൻ വഴി വോട്ടർ ഹെൽപ്പ് ലൈൻ ആപ്പ് വഴിയോ വോട്ടർ പോർട്ടൽ വഴിയോ എന്ന വെബ്സൈറ്റിലൂടെയോ സമർപ്പിക്കണം.

ബി എൽ ഒ മാർ ഗരുഡ ആപ്പ് വഴി തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട എല്ലാ സേവനങ്ങളും പൊതുജനങ്ങളിലേക്ക് എത്തിക്കണം.

ഹിമാചൽ പ്രദേശ്, ഗുജറാത്ത്, ജമ്മു കാശ്മീർ ഒഴികെ മറ്റ് എല്ലാ സംസ്ഥാങ്ങളിലും ടടഞ23 നടന്നുകൊണ്ടിരിക്കുന്നു.

അന്തിമ വോട്ടർപട്ടിക 2023 ജനുവരി 5 ന് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ പ്രസിദ്ധീകരിക്കുന്നതാണ്.



**Listen to the latest episode of Matdata Junction on Special Summary Revision 2023**

SSR 2022 - 23 ന്റെ ലക്ഷ്യങ്ങൾ

1. പുതിയ വോട്ടർമാരെ വോട്ടർപട്ടികയിൽ ഉൾപ്പെടുത്തുക (01.01.2023 ലോ അതിന് മുമ്പോ 18 വയസ് പൂർത്തിയായവർ) അതോടൊപ്പം മുൻകൂറായി ഭാവി വോട്ടർമാറിൽനിന്നും അപേക്ഷ സ്വീകരിക്കുന്നതാണ്. (02.01.2023 മുതൽ 01.10.2023 നുള്ളിൽ 18 വയസ് പൂർത്തിയാകുന്നവർ)
2. DSE s/PSCs ഒഴിവാക്കുക
3. ആധാർ ബന്ധിപ്പിക്കൽ (ഓപ്ഷണൽ), മൊബൈൽ നമ്പർ, ഫോട്ടോ എന്നിവ പുതുക്കുക
4. തെറ്റു തിരുത്തലും/നീക്കം ചെയ്യലും
5. യുവ വോട്ടർമാർക്ക് വോട്ടർ പട്ടികയിൽ പേര് ചേർക്കാനുള്ള നാല് അവസരങ്ങളെപ്പറ്റി പൊതുജനങ്ങളെ ബോധവത്ക്കരിക്കുക
6. മരണപ്പെട്ടവർ, മേൽവിലാസം മാറിയവർ, ഇരട്ടിപ്പുകൾ എന്നിവ ഒഴിവാക്കി വോട്ടർ പട്ടികയുടെ ശുദ്ധീകരണം.
7. യുവജനങ്ങൾ, സ്ത്രീകൾ, പാർശ്വവത്ക്കരിക്കപ്പെട്ടവർ, ട്രൈബൽസ്, ട്രാൻസ്ജൻഡർ തുടങ്ങി എല്ലാ വിഭാങ്ങളെയും ഉൾപ്പെടുത്തിയാവണം വോട്ടർ പട്ടിക പുതുക്കൽ

*ബി എൽ ഒ മാർ ഇക്കാര്യത്തിൽ ശ്രദ്ധാലുവാണെങ്കിൽ സുതാര്യവും പരിഷ്ക്കരിച്ചതുമായ വോട്ടർ പട്ടിക ഉറപ്പാക്കാനാവും*

# താഴെത്തട്ടിൽ നിന്നുള്ള കഥകൾ

## അഭിമാനത്തിന്റെയും അർപ്പണബോധത്തിന്റെയും കഥകൾ

## മേഘാലയയിലെ പ്രത്യേകതയുള്ള ബി എൽ ഒ!

സംസ്ഥാനത്തെ ഭിന്നശേഷിക്കാരുടെ ആദ്യ ബി എൽ ഒ ആയിരുന്നു ശ്രവണ വൈകല്യമുള്ള ശ്രീമതി. ബറ്റിമോൻ നോങ്സ്റ്റങ്. നോങ്സ്റ്റങിന്റെ ഗ്രാമമായ മസ്റ്റാറിൽ ഭൂരിഭാഗവും ശ്രവണ വൈകല്യമുള്ളവരായിരുന്നു. ഈസ്റ്റ് ഘാസി ഹിൽസ് ജില്ലയിലെ പ്യൂനൂർസല നിയോജകമണ്ഡലത്തിലെ മസാർ ഗ്രാമത്തിലെ പോളിംഗ് സ്റ്റേഷൻ പരിധിയിലുള്ള ശ്രവണ വൈകല്യ മുള്ളവർക്കിടയിലാണ് അവർ കൂടുതലും പ്രവർത്തിച്ചത്.





## ആവശ്യത്തിന് ഉതകുന്നവനാണ് യഥാർത്ഥ ബിഎൽഒ

### പഞ്ചാബ്

2019 ലെ പൊതുതിരഞ്ഞെടുപ്പിന് മുന്നോടിയായി അമൃത്സറിലെ കാഴ്ച്ച വൈകല്യമുളള 28 കാരിയായ പഞ്ചാബ് സ്വദേശിനി ഹേമ വോട്ടറായി സ്വയം പേര് ചേർക്കാൻ ആഗ്രഹിച്ചു. എല്ലാവർക്കും പ്രാപ്യമായ തിരഞ്ഞെടുപ്പ് എന്ന ലക്ഷ്യത്തോടെയുള്ള തിരഞ്ഞെടുപ്പ് കമ്മീഷന്റെ വ്യാപക പ്രചരണവും SVEEP പ്രവർത്തനങ്ങളും 1950 എന്ന ടോൾ ഫ്രീ നമ്പറിൽ വിളിക്കാൻ ഹേമയെ സഹായിച്ചു. എല്ലാ വിവരങ്ങളും അവർക്ക് സുഗമമായി നൽകുന്നതിന് ഒപ്പം ഫോറം 6 പൂരിപ്പിക്കുന്നതിന് ഹേമയെ സഹായിക്കാൻ ഒരു BLO അവളുടെ വീട്ടിലെത്തുകയും ചെയ്തു. കൃത്യസമയത്ത് അവൾക്ക് EPIC ലഭിച്ചു. പോളിംഗ് ദിവസം പിക്ക് ആൻഡ് ഡ്രോപ്പ് സൗകര്യവും ലഭിച്ചു.

## സമർപ്പണത്തിന്റെയും പ്രതിബദ്ധതയുടെയും അഭിമാനത്തിന്റെയും കഥകൾ

### ഹിമാചൽ പ്രദേശ്

**ഒരു ലക്ഷ്യം: എല്ലാവർക്കും പ്രാപ്യമായ തിരഞ്ഞെടുപ്പ്**

80 വയസ്സുള്ള ശ്രീമതി അനിതാ ദേവി, സോളൻ ജില്ലയിലെ ഖേര ഗ്രാമത്തിലെ സ്ഥിരതാമസക്കാരിയാണ്. ശാരീരിക വൈകല്യം മൂലം അവർ ദുർബലയാ യിരുന്നു. അനിത വോട്ട് ചെയ്യേണ്ട പോളിങ് സ്റ്റേഷനായ ഖേരയിലെ – 51-നലഗഡ് അസംബ്ലി സെഗ്മെന്റ് അവളുടെ താമസ സ്ഥലത്ത് നിന്ന് ഏകദേശം 3 കിലോമീറ്റർ അകലെയായിരുന്നു. വോട്ടെടുപ്പ് ദിവസം, അതായത് 2019 മെയ് 19, അവളുടെ ശാരീരിക വൈകല്യം കാരണവും ഗതാഗത മാർഗ്ഗങ്ങ ളൊന്നും ലഭ്യമല്ലാത്തതിനാലും വോട്ടെടുപ്പിന് എത്താൻ സാധിക്കില്ലെന്ന് ഖേര നാനോവലിൽ നിന്നുള്ള ബി.എൽ.ഒ.യെ അറിയിച്ചു. ബി.എൽ.ഒ ഉടൻ തന്നെ പ്രശ്നം സബ് ഡിവിഷണൽ മജിസ്ട്രേറ്റ് കം അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസർ എസ്. പ്രശാന്ത് ഡെസ്റ്റയെ അറിയിച്ചു. ഈ വിവരം ലഭിച്ച, എസ്എച്ച്. ഡെസ്റ്റ സ്ത്രീയെ വ്യക്തിപരമായി സന്ദർശിക്കുകയും അവളുടെ വോട്ട് രേഖപ്പെടുത്താൻ സഹായിക്കുകയും ചെയ്തു.

ഡെസ്റ്റ, തന്റെ സ്വകാര്യ വാഹനത്തിൽ അവളെ പോളിംഗ് ബൂത്തിലേക്ക് കൊണ്ടുപോവുകയും, അവൾ വോട്ട് ചെയ്ത ശേഷം അവളെ തിരികെ ഇറക്കുകയും ചെയ്തു.





# ബാത്തോം ബാത്തോം മേം

## ബിഎൽഒയ്ക്കൊപ്പമുള്ള സംവാദം

### പേര് : മീനാക്ഷി ഘട്ടാർ
### (PS: 147, AC: 13 രോഹിണി, ഡൽഹി)




ഞാൻ വിദ്യാഭ്യാസ വകുപ്പിൽ ജോലി ചെയ്യുന്നു. എന്റെ പരിധിയിൽ ആകെ വോട്ടർമാരുടെ എണ്ണം 715 ആണ്. ഇവരിൽ 590 വോട്ടർമാർ ആധാർ EPIC ബന്ധിപ്പിക്കൽ നടത്തി. EPIC ആധാർ ബന്ധിപ്പിക്കൽ എന്നത് പൂർണമായും സ്വമേധയ ചെയ്യേണ്ടതായതിനാൽ, പുതിയ പരിഷ്ക്കരണങ്ങളെക്കുറിച്ച് ഞാൻ വോട്ടർമാർക്കിടയിൽ കാമ്പെയ്ൻ ആരംഭിച്ചപ്പോൾ സമ്മിശ്ര പ്രതികരണങ്ങളാണ് ഉണ്ടായത്. ചില വോട്ടർമാരെ ആധാർ ബന്ധിപ്പിക്കലിന്റെ പ്രസക്തി മനസിലാക്കി എളുപ്പത്തിൽ കാര്യങ്ങൾ ബോധ്യപ്പെടുത്താൻ സാധിച്ചെങ്കിലും പലരും ഈ ആശയത്തെ നിരസിക്കുകയാണുണ്ടായത്.

ഈ സമയത്ത്, റസിഡന്റ് വെൽഫെയർ സൊസൈറ്റി (RWS) പോലുള്ള പ്രാദേശീക സംഘടനകളിൽ നിന്ന് ഞാൻ സഹായം തേടുകയും അവരുടെ ഔദ്യോഗിക വാട്സപ്പ് ഗ്രൂപ്പിലൂടെ സഹായം അഭ്യർത്ഥിക്കുകയും ചെയ്തു. ഇതിലൂടെ സിഇഒ ഡൽഹിയിൽ നിന്നുള്ള എല്ലാ പ്രസക്തമായ വിവരങ്ങളും വോട്ടർമാർക്കിടയിൽ എത്തിക്കാനും, ഒറ്റ ക്ലിക്കിലൂടെ ഇ്രജകഇആധാർ ലിങ്ക് സംബന്ധിച്ച് വോട്ടർമാർക്കിടയിടൽ നേരിട്ട് എത്തിക്കാനും സാധിച്ചു. ഈ ബന്ധിപ്പിക്കൽ വഴി വോട്ടർ പട്ടികയിലെ ഇരട്ടിപ്പ് ഒഴിവാക്കി പട്ടിക ശുദ്ധീകരിക്കാൻ സാധിക്കുമെന്ന് അവരെ ബോധ്യപ്പെടുത്താൻ സാധിച്ചു. ഒപ്പം സമൂഹവുമായി ബന്ധപ്പെട്ടു നിൽക്കുന്ന വിഷയങ്ങളുടെ പോസ്റ്ററുകളും ലഘുലേഖകളും പ്രദർശിപ്പിച്ചതും വോട്ടർമാരിൽ മികച്ച സ്വാധീനം ചെലുത്തി. എനിക്ക് എല്ലാ തടസ്സങ്ങളെയും തരണം ചെയ്യാനും വോട്ടർമാരുടെ സംശയങ്ങൾക്ക് തൃപ്തികരമായി ഉത്തരം നൽകാനും സാധിച്ചുവെന്ന് അറിയുന്നതിൽ സന്തോഷമുണ്ട്. ഇതിന്റെ ഫലമായി ധാരാളം വോട്ടർമാർ തങ്ങളുടെ വോട്ടർ ഐഡി ആധാറുമായി ബന്ധിപ്പിക്കുന്നു.

### പേര് : ജഗദീഷ് പ്രസാദ് വിഷ്ണോയ്
### (PS: 147, AC: 13 ബർമാർ, രാജസ്ഥാൻ)



***എല്ലാത്തിനും മുകളിൽ മാനവികത : വീടുതോറുമുള്ള സർവ്വെയ്ക്കിടെ ബിഎൽഒ മാൻ കുഞ്ഞിനെ രക്ഷിക്കുന്നു.***

സ്കൂൾ സമയം കഴിഞ്ഞ് ചൂടുള്ള ഒരു ഉച്ച സമയം, EPIC ആധാർ ബന്ധിപ്പിക്കലിനെക്കുറിച്ചുള്ള വിവരങ്ങൾ പ്രചരിപ്പിക്കാനായി വീടു കയറിയുള്ള സർവേയിലായിരുന്നു ഞാൻ. പെട്ടെന്ന് മണൽത്തിട്ടയിൽ ഒരുപെൺമാനിന്റെയും കുഞ്ഞിന്റെയും പുറകെ ഒരുകൂട്ടം നായ്ക്കൾ ഓടുന്നത് ഞാൻ കണ്ടു. മാനിന് സാരമായി പരിക്കേറ്റിരുന്നു. മാൻകുഞ്ഞ് രക്ഷപ്പെടാനായി പാടുപെടുകയാണ്. അമിത രക്തസ്രവം മൂലം മാൻ സംഭവസ്ഥലത്ത് തന്നെ ചത്തിരുന്നുവെങ്കിലും ആ മാൻകുഞ്ഞിനെ രക്ഷിക്കാൻ എനിക്കായി. മാൻ കുഞ്ഞിനെ സ്വകാര്യ വാഹനത്തിൽ അമൃതാദേവി വന്യജീവി സംരക്ഷണകേന്ദ്രത്തിലെത്തിച്ച് ശരിയായ ചികിത്സ ഉറപ്പാക്കി. വന്യജീവികളെ സംരക്ഷിക്കുകയും അപകടകത്തിൽപ്പെടുന്നവരെ രക്ഷിക്കുകയും ചെയ്യുക എന്നത് ഒരു പൊതുലക്ഷ്യമായിരിക്കണം. മനുഷ്യത്വം എല്ലാത്തിനും മുകളിലാണെന്ന് ഓർമ്മിക്കുക.

भारत निर्वाचन आयोग

ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷൻ



# മതദാത ജംഗ്ഷൻ

# मतदाता जंक्शन

## हर वोटर का अपना स्टेशन

## പ്രതിവാര ക്വിസിൽ പങ്കെടുക്കൂ..
## ആകർഷകമായ സമ്മാനങ്ങൾ നേടൂ



എല്ലാ വെള്ളിയാഴ്ചയും 7.25 PM ന്
ആകാശവാണി കേൾക്കൂ...

7:25 PM (FM Gold)
7:45 PM (FM Rainbow)
8:47 PM (Vividh Bharati)